# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207 | 09.12.2014 ൽ മറുപടിയ്ക്ക്

## മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി സഹകരണ ബാങ്കുകൾക്ക് അനുവദിച്ച പണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. എം.ഹംസ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) റിസർവ് ബാങ്ക് മാനദണ്ഡ പ്രകാരം മൂലധന പര്യാപ്തത കൈവരിക്കുന്നതിന് 2012-13 വർഷം ജില്ലാ സഹകരണ ബാങ്കുകൾക്ക് 125.50 കോടി രൂപയും സംസ്ഥാന സഹകരണ ബാങ്കിന് 70 കോടി രൂപയും അനുവദിച്ച് ഉത്തരവായത് നാളിതുവരെ സ്ഥാപനങ്ങൾക്ക് കൊടുക്കാൻ സാധ്യമായിട്ടുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) യും (ബി) യും<br>സംസ്ഥാന സഹകരണ ബാങ്കിനും 6 ജില്ലാ സഹകരണ ബാങ്കുകൾക്കും (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, മലപ്പുറം, കാസറഗോഡ്) മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്കിന് 70 കോടി രൂപയും 6 ജില്ലാ ബാങ്കുകൾക്കായി 129.50 കോടി രൂപയും അടക്കം 199.50 കോടി രൂപ സർക്കാർ ഓഹരി മൂലധനമായി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി തുക പിൻവലിക്കുന്നതിന് 199.50 കോടി രൂപയ്ക്ക് തത്തുല്യമായ തുക 23 മാസ കാലയളവിലുള്ള പ്രത്യേക നിക്ഷേപ പദ്ധതിയിൽ സഹകരണ മേഖലയിൽ നിന്നും നിക്ഷേപിക്കാനും ഉത്തരവായിരുന്നു. ടി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ആകെ 59.33 കോടി രൂപ മാത്രമേ സഹകരണ മേഖലയിൽ നിന്നും ട്രഷറിയിൽ നാളിതുവരെ നിക്ഷേപിച്ചിട്ടുള്ളൂ. സർക്കാർ ഉത്തരവ് പ്രകാരമുള്ള അത്രയും തുക സഹകരണ മേഖലയിൽ നിന്ന് ട്രഷറിയിൽ നിക്ഷേപിക്കാത്തതിനാൽ തുക പിൻവലിക്കാൻ കഴിഞ്ഞിട്ടില്ല. |

| | |
|---|---|
| (സി) സർക്കാർ ഉത്തരവിനെത്തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ഈ പണം ജില്ലാ ബാങ്കുകൾക്ക് അഡ്വാൻസായി കൊടുത്തതുമൂലം സംസ്ഥാന സഹകരണ ബാങ്കിന് പലിശയിനത്തിൽ വന്ന നഷ്ടം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി ജില്ലാ സഹകരണ ബാങ്കുകൾക്ക് അഡ്വാൻസായി തുക നൽകിയതുമൂലം സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായ നഷ്ടം വിലയിരുത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**